പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2002 — 05.10.2016-ൽ മറുപടിക്ക്

## ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.എം. മണി | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് തൊഴിൽ ചൂഷണം തടയുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) അഞ്ചും അതിൽ കൂടുതലും തൊഴിലാളികളെ കരാറുകാരൻ മുഖേന ജോലിയെടുപ്പിക്കുകയാണെങ്കിൽ 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമ പ്രകാരം തൊഴിലുടമ രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും നിർബന്ധമായും എടുക്കേണ്ടതാണ്. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാരുടെ നേതൃത്വത്തിൽ 1979 ലെ കുടിയേറ്റ തൊഴിലാളി നിയമം, 1970 ലെ കരാർ തൊഴിലാളി നിയമം, 1996 ലെ ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വെൽഫയർ ആക്ട് എന്നീ നിയമങ്ങൾ പ്രകാരം പരിശോധന നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ-സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിലേക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 17.12.15 ലെ ജി.ഒ (ആർ.ടി)1717/15/തൊഴിൽ നം. ഉത്തരവ് പ്രകാരം ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യ വകുപ്പ്), ഫാക്ടറീസ് &ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്) എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി |

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അവരുടെ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' നടപ്പിലാക്കി വരുന്ന ഭവനപദ്ധതികളിലൊന്നാണ് 'അപ്നഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. 768 പേർക്ക് എല്ലാ വിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിവിടെ പണിതുവരുന്നത്. ടി മാതൃകയിൽ തിരുവനന്തപുരം/ എറണാകുളം/ കോഴിക്കോട് നഗരങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾക്കു വേണ്ടി പാർപ്പിടസൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷുറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

സെക്ഷൻ ഓഫീസർ